## ഡീലിമിറ്റേഷൻ കമ്മീഷൻ, കേരളം

## ഉത്തരവ്

നമ്പർ: എസ്ഡിസി/284/2024/എസ്ഡിസി5 തിരുവനന്തപുരം, 30.03.2025

തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) 07.09.2024 ലെ 2888-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 06.09.2024 ലെ എൽഎസ്ജിഡി/പിഡി/24269/2024-ഇഇആർ1 നമ്പർ വിജ്ഞാപന പ്രകാരം, പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിൽ നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണം 14 ആയി നിശ്ചയിച്ചിട്ടുള്ളതും, അതിൻറെ അടിസ്ഥാനത്തിൽ പ്രസ്തുത ഗ്രാമ പഞ്ചായത്തിനെ അത്രയും നിയോജക മണ്ഡലങ്ങളായി വിഭജിക്കുന്നതിനും, അപ്രകാരമുള്ള നിയോജക മണ്ഡലങ്ങളുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനുമുള്ള കരട് നിർദ്ദേശങ്ങൾ 18.11.2024 തീയതിയിലെ എസ്ഡിസി/284/2024/എസ്ഡിസി5 നമ്പർ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതും; പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും നൽകുന്നതിന് 4.12.2024 വരെ സമയം അനുവദിച്ചിട്ടുള്ളതും എന്നാൽ കരട് നിർദ്ദേശങ്ങളിന്മേൽ ആക്ഷേപങ്ങളൊന്നും ലഭിച്ചിട്ടില്ലാത്തതുമാകയാൽ; 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 10-ാം വകുപ്പ് പ്രകാരം തുമ്പമൺ ഗ്രാമ പഞ്ചായത്തിനെ ഇതിനോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ കാണിച്ചിരിക്കും പ്രകാരം 14 നിയോജക മണ്ഡലങ്ങളായി വിഭജിച്ച് അതിർത്തികൾ നിർണ്ണയിച്ച് അന്തിമ ഉത്തരവു പുറപ്പെടുവിക്കുന്നു.

| | | | | |
|---|---|---|---|---|
| (ഒപ്പ്) | (ഒപ്പ്) | (ഒപ്പ്) | (ഒപ്പ്) | (ഒപ്പ്) |
| എ.ഷാജഹാൻ | രത്തൻ.യു.ഖേൽക്കർ | കെ.ബിജു | ഹരികിഷോർ എസ് | കെ.വാസുകി |
| (ചെയർമാൻ) | (മെമ്പർ) | (മെമ്പർ) | (മെമ്പർ) | (മെമ്പർ) |

### നിയോജക മണ്ഡല വിഭജന പട്ടിക

**തുമ്പമൺ ഗ്രാമപഞ്ചായത്ത്**

| നിയോജക മണ്ഡലത്തിൻറെ നമ്പരും പേരും | തിട്ടപ്പെടുത്തിയ ജനസംഖ്യ | അതിർത്തികൾ | |
|---|---|---|---|
| 1 | 2 | 3 | |
| 01- മുട്ടം വടക്ക് | 527 | വടക്ക് - | അച്ചൻകോവിലാറ് |
| | | കിഴക്ക് - | കളീയ്ക്കൽകടവ് മുതൽ മുട്ടം എൽ പി സ്കൂളിന് പടിഞ്ഞാറ് വശത്തുള്ള പന്തളം - പത്തനംതിട്ട റോഡ് ജംഗ്ഷൻ വരെ |
| | | തെക്ക് - | പന്തളം -പത്തനംതിട്ട റോഡിൽ മുട്ടം എൽ പി സ്കൂളിന് പടിഞ്ഞാറ് വശത്തുള്ള ജംഗ്ഷൻ മുതൽ കടയ്ക്കാട് പാലത്തിൻറെ കിഴക്ക് വശം വരെ |
| | | പടിഞ്ഞാറ് - | കടയ്ക്കാട് പാലത്തിൻറെ കിഴക്ക് വശം മുതൽ വടക്കോട്ട് മുട്ടത്തു പടിഞ്ഞാറ്റേതിൽ വീടു വരെ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 02- | മുട്ടം കിഴക്ക് | 530 | വടക്ക് - | അച്ചൻകോവിലാറിൻറെ കളീയ്ക്കൽ കടവ് മുതൽ കിഴക്കോട്ട് ചെറുത്തുരുത്തിൽ വീടിൻറെ തെക്കുവശത്തുള്ള തോടു വരെ |
| | | | കിഴക്ക് - | ചെറുത്തുരുത്തിൽ വീടിൻറെ തെക്കുവശത്തുള്ള തോട് മുതൽ മുണ്ടയ്ക്കൽ വീടിൻറെ കിഴക്ക് വശത്തുകൂടി തെക്കോട്ട് പന്തളം പത്തനംതിട്ട റോഡിൽ മാമൂട്ടിൽ പടി വരെ |
| | | | തെക്ക് - | പന്തളം പത്തനംതിട്ട റോഡിൽ മാമൂട്ടിൽ പടി മുതൽ മുട്ടം എൽ.പി.എസ്സിന് സമീപത്തുള്ള ജംഗ്ഷൻ വരെ |
| | | | പടിഞ്ഞാറ് - | പന്തളം പത്തനംതിട്ട റോഡിലെ മുട്ടം എൽ. പി.എസ്സിന് പടിഞ്ഞാറ് വശത്തുള്ള റോഡിൽ കൂടി വടക്കോട്ട് അച്ചൻകോവിലാറിൻറെ പടിക്കവീട്ടിൽ കടവ് മുതൽ പടിഞ്ഞാറ് കളീയ്ക്കൽ കടവ് വരെ |
| 03- | നടുവിലേമുറി വടക്ക് | 527 | വടക്ക് - | അച്ചൻകോവിലാറിന് സമീപമുള്ള ചെറുതുരുത്തിൽ വീടിൻറെ പുറകുവശത്തുള്ള തോട് മുതൽ ഇടക്കടവ് പാറക്കുളം വരെ |
| | | | കിഴക്ക് - | പഴയ റോയൽ ഹോസ്പിറ്റൽ ഭാഗം റോഡ് കളരിക്കുന്നിൽ വീട് മുതൽ ഇളംകുളം പാറ-പാറക്കുളം വരെ |
| | | | തെക്ക് - | പന്തളം പത്തനംതിട്ട റോഡിൽ മാമ്മൂട്ടിൽ പടി മുതൽ പഴയ റോയൽ ഹോസ്പിറ്റൽ പടി വരെ |
| | | | പടിഞ്ഞാറ് - | ചെറുതുരുത്തിൽ വീടിന്റെ പുറകുശത്തുള്ള തോട് വഴി തെക്കോട്ട്-താമരക്കുളം ചാൽ-ആര്യാട്ട് വീടിന്റെ കിഴക്ക് വശത്തു കൂടി കുറുമ്പത്ത് വീടിന്റെ മുൻവശത്തുള്ള റോഡ് വഴി- പന്തളം പത്തനംതിട്ട റോഡിൽ മുത്താരമ്മൻ കോവിലിന്റെ മുൻവശത്തുള്ള റോഡ് വരെ |
| 04- | മാമ്പിലാലി വടക്ക് | 522 | വടക്ക് - | പഴയ റോയൽ ഹോസ്പിറ്റൽ റോഡ് പാലുവേലിൽ വീടിന്റെ തെക്കുവശത്തുള്ള റോഡ് - ഇളംകുളംപാറ വഴി –പാറക്കുളം വരെ |
| | | | കിഴക്ക് - | മാമ്പിലാലി കുരിശ് ജംഗ്ഷൻ ( ഭുവനേശ്വരം റോഡ്) - വള്ളിക്കോട് പഞ്ചായത്ത് അതിർത്തി ആരംഭിക്കുന്നത് വരെ |
| | | | തെക്ക് - | പന്തളം - പത്തനംതിട്ട റോഡിൽ പഴയ റോയൽ ഹോസ്പിറ്റൽ പടി മുതൽ പല്ലാകുഴി ജംഗ്ഷൻ വരെ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| | | | പടിഞ്ഞാറ് - | പഴയ റോയൽ ഹോസ്പിറ്റൽ അഗപ്പെ റോഡിൽ റോയൽ ഹോസ്പിറ്റൽ പടി മുതൽ പാലുവേലിൽ പടി വരെ |
| 05- | മാമ്പിലാലി | 535 | വടക്ക് - | പന്തളം പത്തനംതിട്ട റോഡ് കീരുകുഴി മുക്ക് മുതൽ ഇന്ദിര ജംഗ്ഷൻ വരെ |
| | | | കിഴക്ക് - | ഇന്ദിര ജംഗ്ഷൻ മുതൽ സെൻറ്പോൾസ് സ്കൂളിൻറെ കിഴക്കു വശത്തുള്ള റോഡ് - പെരുംതോട് വരെ |
| | | | തെക്ക് - | പെരുംതോട് സെൻറ് പോൾസ് സ്കൂളിൻറെ ഭാഗത്ത് ഉറവാൻറെ കടവ് പാലം വരെ |
| | | | പടിഞ്ഞാറ് - | കീരുകുഴി മുക്ക് ഉറവാന്റെ കടവ് കുരിശ്ശ് മുതൽ പറമ്പിൽ പടിഞ്ഞാറ്റേതിൽ പടി തത്തൻകോട് വയൽവരെ |
| 06- | വയലിനും പടിഞ്ഞാറ് | 545 | വടക്ക് - | ഉറവാൻറെ കടവ് കുരിശു മുതൽ പറമ്പിൽപടിഞ്ഞാറ്റേതിൽ പടി തത്തംകോട് വയൽവരെ |
| | | | കിഴക്ക് - | തത്തംകോട് വയൽ ഗുരുനാഥൻകാവ് കീരുകുഴി വയൽ വരെ |
| | | | തെക്ക് - | കീരുകുഴി വയൽ മാവരതോട് -ഞവരയ്ക്കൽ വരെ |
| | | | പടിഞ്ഞാറ് - | ഞവരയ്ക്കൽ - സെൻറ് ജോൺസ് സ്കൂൾ - ഉറവാൻറെ കടവ് കുരിശ് വരെ |
| 07- | വിജയപുരം കിഴക്ക് | 545 | വടക്ക് - | തുമ്പമൺ ആനന്ദപ്പള്ളി റോഡിൽ സെൻറ് തോമസ് ചാപ്പൽ മുതൽ സെൻറ് ജോൺസ് സ്കൂൾ പടി വരെ |
| | | | കിഴക്ക് - | സെൻറ് ജോൺസ് സ്കൂൾ പടി മുതൽ- ഞവരയ്ക്കൽ ഭാഗം മാവര തോട് വരെ |
| | | | തെക്ക് - | മാവരതോട് -ഞവരയ്ക്കൽ ഭാഗം മുതൽ എൻ എസ്സ് എസ്സ് പോളിടെക്നിക് റോഡ് അവസാനം വരെ |
| | | | പടിഞ്ഞാറ് - | എൻ എസ്സ് എസ്സ് പോളിടെക്നിക് റോഡ് അവസാനിക്കുന്ന ഭാഗം മുതൽ സെൻറ് മേരീസ് കുരിശ് പടി കൈതവന പടി സെൻറ് തോമസ് ചാപ്പൽ വരെ |
| 08- | തുമ്പമൺ കിഴക്ക് | 535 | വടക്ക് - | പന്തളം പത്തനംതിട്ട റോഡിൽ തോണുവേലിൽ പടി മുതൽ കീരുകുഴി മുക്ക് വരെ |
| | | | കിഴക്ക് - | കീരുകുഴി മുക്ക് മുതൽ ഉറവാൻറെ കടവ് - പാലച്ചേരിൽ പടിഞ്ഞാറ് ഭാഗത്തുള്ള തോട് - തോട്ടയ്ക്കാട്ട് പടി കലുങ്ക് -സെൻറ് തോമസ് ചാപ്പൽ വരെ |
| | | | തെക്ക് - | സെൻറ് തോമസ് ചാപ്പൽ മുതൽ ആയുർവേദ ഡിസ്പെൻസറി -കൈതവനപടി- കാരുകുഴിക്കാവ് - പമ്പൂപാലം വരെ |
| | | | പടിഞ്ഞാറ് - | പമ്പൂപാലം മുതൽ തോണുവേലിൽ പടി വരെ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 09- | തുമ്പമൺ | 560 | വടക്ക് - | പന്തളം പത്തനംതിട്ട റോഡിൽ തുമ്പമൺ ജംഗ്ഷൻ മുതൽ തോണുവേലിൽ പടി വരെ |
| | | | കിഴക്ക് - | തോണുവേലിൽ പടി മുതൽ പമ്പൂപാലം വരെ- പെരുംതോട് വഴി കോയിക്കലേത്ത് പടി വരെ |
| | | | തെക്ക് - | പമ്പൂപാലം മുതൽ- പെരുംതോട് വഴി കോയിക്കലേത്ത് പടി വരെ |
| | | | പടിഞ്ഞാറ് - | കോയിക്കലേത്ത് പടി മുതൽ പമ്പൂമഠം- വട്ടടിക്കാലായിൽ പടി-പുലിയംമഠം- പഞ്ചായത്ത് ഓഫീസ് -തുമ്പമൺ ജംഗ്ഷൻ വരെ |
| 10- | വിജയപുരം | 558 | വടക്ക് - | പെരുംതോട് കോയിക്കലേത്ത് പടി മുതൽ പമ്പൂപാലം കാരുകുഴി കാവിന് പടിഞ്ഞാറ് ഭാഗത്ത് മാവര വയലിൽ പെരുംതോടിൻറെ കൈവഴി വരെ |
| | | | കിഴക്ക് - | പെരുംതോടിൻറെ കൈവഴി മുതൽ കൈതവനപടി കളീയ്ക്കൽ പടി സെൻറ് മേരീസ് കുരിശ് പടി വഴി എൻ എസ്സ് എസ്സ് പോളിടെക്നിക് റോഡ് അവസാനം വരെ |
| | | | തെക്ക് - | എൻ എസ്സ് എസ്സ് പോളിടെക്നിക് റോഡ് അവസാനം മുതൽ- മാവരതോട് വഴി അമ്മൂമ്മക്കാവ് വരെ |
| | | | പടിഞ്ഞാറ് - | അമ്മൂമ്മക്കാവ് മുതൽ പെരുംതോട് കോയിക്കലേത്ത് പടി വരെ |
| 11- | നടുവിലേമുറി | 573 | വടക്ക് - | പന്തളം പത്തനംതിട്ട റോഡിൽ പാറയിൽ പടി മുതൽ തുമ്പമൺ ജംഗ്ഷൻ വരെ |
| | | | കിഴക്ക് - | തുമ്പമൺ ആനന്ദപ്പള്ളി റോഡിൽ തുമ്പമൺ ജംഗ്ഷൻ മുതൽ പഞ്ചായത്ത് ഓഫീസ് പടി വഴി പുലിയംമഠം-വട്ടടിക്കാലായിൽ പടി- പമ്പൂമഠം -കോയിക്കലേത്ത് പടി വരെ |
| | | | തെക്ക് - | പമ്പൂമഠം മുതൽ- വളവിൽ താഴേതിൽ ഭാഗം വയലിൽ മാവരതോട് കൈവഴി പ്രശാന്തിപടി കിഴക്കിനേത്ത് റോഡിൽ മൂത്തേരിൽ ഭാഗം വരെ |
| | | | പടിഞ്ഞാറ് - | പ്രശാന്തിപടി കിഴക്കിനേത്ത് റോഡിൽ മൂത്തേരിൽ ഭാഗം മുതൽ അശ്വതി പടി കല്ലുംപുറത്ത് പടി പനാറയിൽ പടി എസ്സ് എസ്സ് ജംഗ്ഷൻ പടി പാറയിൽ പടി വരെ |
| 12- | നടുവിലേമുറി പടിഞ്ഞാറ് | 532 | വടക്ക് - | പന്തളം പത്തനംതിട്ട റോഡിൽ മുട്ടം വായനശാല പടി മുതൽ പാറയിൽ പടി വരെ |

| | | | | |
|---|---|---|---|---|
| | | | കിഴക്ക് - | പാറയിൽ പടി മുതൽ എസ്സ് എസ്സ് ജംഗ്ഷൻ - പനാറയിൽ പടി- അശ്വതി പടി-മൂത്തേരിൽ ഭാഗം വയൽ അവസാനിക്കുന്ന ഭാഗം വരെ |
| | | | തെക്ക് - | മൂത്തേരിൽ ഭാഗം വയൽ അവസാനിക്കുന്ന ഭാഗം മുതൽ- കോയിക്കോണത്ത് കടവ് വരെ |
| | | | പടിഞ്ഞാറ് - | കോയിക്കോണത്ത് കടവ് ലക്ഷ്മി വിലാസം പടി മൂത്തേരിൽ പടി പണ്ടകശാല പടിവഴി മുഴുക്കോട്ടു ചാലിന് തെക്കു വശത്തു കൂടി കല്ലുവരമ്പ് -മുട്ടം വായനശാല പടി വരെ |
| 13- | മുട്ടം | 527 | വടക്ക് - | മുട്ടം കോളനി മണ്ണാകടവ് റോഡിൽ തുണ്ടിൽ കിഴക്കേതിൽ പടി മുതൽ ചെറുതാപ്പള്ളിൽ ഭാഗം താഴോട്ട് നെടുങ്ങോട്ട് വയൽ തെക്കുഭാഗം തോട് വഴി മുഴുക്കോട്ടുചാലിന് തെക്കു ഭാഗം - പണ്ടകശാല പടി വരെ |
| | | | കിഴക്ക് - | പണ്ടകശാല പടി മുതൽ മൂത്തേരിൽ പടി ലക്ഷ്മി വിലാസംപടി കോയിക്കോണത്ത് കടവ് വരെ |
| | | | തെക്ക് - | കോയിക്കോണത്ത് കടവ് മുതൽ-മാവര തോട് - കോരാട്ട് മൂല വരെ |
| | | | പടിഞ്ഞാറ് - | മാവര തോട് - കോരാട്ട് മൂല മുതൽ തുണ്ടിൽ കിഴക്കേതിൽ പടി വരെ |
| 14- | മുട്ടം പടിഞ്ഞാറ് | 548 | വടക്ക് - | പന്തളം പത്തനംതിട്ട റോഡിൽ കടയ്ക്കാട് പാലം മുതൽ മുട്ടം വായനശാല പടി വരെ |
| | | | കിഴക്ക് - | മുട്ടം വായനശാല പടി മുതൽ കല്ലുവരമ്പ് നെടുങ്ങോട്ട് വയൽ വഴി ചെറുതാപ്പള്ളിൽ ഭാഗം വരെ |
| | | | തെക്ക് - | ചെറുതാപ്പള്ളിൽ ഭാഗം മുതൽ തുണ്ടിൽ കിഴക്കേതിൽ പടി ഇടത്തറ പടി വഴി മാവര തോട് വരെ |
| | | | പടിഞ്ഞാറ് - | മാവര തോട് -ഇടത്തറ പടി മുതൽ കടയ്ക്കാട് പാലം വരെ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/